**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 403** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഓമനപ്പക്ഷികളുടെ വാണിജ്യ സാധ്യതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിലുള്ള ഓമനപ്പക്ഷികളുടെ വളർത്തലും പരിപാലനവും സംബന്ധിച്ച സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഓമനപക്ഷികളുടെ വളർത്തലിന് വളരെ പ്രചാരം സിദ്ധിച്ചിട്ടുണ്ട്. നിരവധി യുവാക്കൾ ഈ രംഗത്ത് വാണിജ്യാടിസ്ഥാനത്തിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിലവിലെ കോവിഡിന്റെ സാഹചര്യത്തിൽ ഒരു സ്വയം തൊഴിൽ സംരംഭമായി ഓമന പക്ഷിവളർത്തൽ മാറിയിട്ടുണ്ട്. |
| (ബി) | ഈ മേഖലയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വരുമാന വർധനവിന് സഹായകരമാകുന്ന വിധം ഓമനപ്പക്ഷികളുടെ വളർത്തലും പരിപാലനവും പ്രോത്സാഹിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ; | (ബി) | മൃഗസംരക്ഷണ വകുപ്പ് ഈ രംഗത്ത് സംരംഭകർക്കാവശ്യമായ ശാസ്ത്രീയമായ പരിപാലനം മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ വഴി നൽകി വരുന്നു. ഇപ്രകാരമുള്ള ശാസ്ത്രീയ പരിശീലനത്തിലൂടെ സംരംഭങ്ങൾക്ക് മികച്ച പിന്തുണ നൽകാൻ മൃഗസംരക്ഷണ വകുപ്പിന് കഴിയും കൂടാതെ ഓമനപക്ഷികൾക്ക് ആവശ്യമായ രോഗനിർണ്ണയ ചികിത്സാ സേവനം മൃഗാശുപത്രികൾ, ലാബുകൾ എന്നിവ വഴി സൗജന്യമായി ചെയ്തു വരുന്നു. |
| (സി) | വാണിജ്യാടിസ്ഥാനത്തിൽ ഓമനപ്പക്ഷികളെ വളർത്തുന്ന പദ്ധതി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നത് പരിഗണിച്ച് ഈ മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനുള്ള പരിപാടികൾ പരിഗണനയിലുണ്ടോ; വിശദവിവരം നൽകുമോ; | (സി) | ഓമനപക്ഷിവളർത്തലിന് നിലവിൽ പദ്ധതികൾ ഒന്നും ആവിഷ്കരിച്ചിട്ടില്ല. |
| (ഡി) | വിദ്യാർത്ഥികളെയും കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയെയും പങ്കാളികളാക്കി ഈ രംഗത്ത് പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | വിദ്യാർത്ഥികൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായസംഘങ്ങൾ എന്നിവയ്ക്ക് ആവശ്യമായ ബോധവൽക്കരണം പരിശീലനം, കൂടാതെ പക്ഷികൾക്കാവശ്യമായ ചികിത്സ, രോഗനിർണ്ണയം എന്നിവ മൃഗസംരക്ഷണ വകുപ്പിന് നൽകാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ